# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്,വഴുതക്കാട്,

## തിരുവനന്തപുരം

website: www.forest.keralagov.in, Email: fibnews@gmail.com, Ph. 0471- 2529145

**പത്രക്കുറിപ്പ്** തീയതി.31.12.2018.

## ജൈവവൈവിധ്യ സംരക്ഷണത്തിന് വകുപ്പുകളുടെ പങ്കാളിത്തം അനിവാര്യം: വനം മന്ത്രി അഡ്വ. കെ. രാജു

ജൈവവൈവിധ്യ സംരക്ഷണം എന്ന ലക്ഷ്യം സമ്പൂർണ്ണമായി നടപ്പാക്കണമെങ്കിൽ പരിസ്ഥിതിയും ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അനുബന്ധ വകുപ്പുകളുടെ പങ്കാളിത്തം അനിവാര്യമാണെന്ന് വനം വകുപ്പുമന്ത്രി അഡ്വ. കെ. രാജു അഭിപ്രായപ്പെട്ടു. കേരളത്തിന്റെ ജൈവസമ്പന്നതയും പരിസ്ഥിതിയും ഓരോ പ്രദേശങ്ങൾക്കനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നതിനാൽ അവയുടെ സംരക്ഷണത്തിന് പ്രാദേശിക തലത്തിൽ കർമ്മ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജൈവവൈവിധ്യ സംരക്ഷണത്തിന് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജൈവവൈവിധ്യബോർഡിന്റെയും വനം വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു വനം മന്ത്രി.

ജൈവവിഭവങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതും അമിതചൂഷണം തടയേണ്ടതും ഓരോരുത്തരുടെയും കടമയാണ്. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതികൾ രൂപീകരിക്കുകയും ജനകീയ ജൈവവൈവിധ്യ രജിസ്റ്ററുകൾ തയ്യാറാക്കി വരികയും ചെയ്യുകയാണ്. ജൈവവിഭവങ്ങളുടെ ഉപയോഗത്തിൽ നിന്നുമുണ്ടാകുന്ന പ്രയോജനങ്ങളുടെ തുല്യവും നീതിപൂർവ്വവുമായ പങ്കുവയ്ക്കൽ എന്ന ആശയം നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളുടെയും പ്രാദേശിക കൂട്ടായ്മകളുടെയും സഹായം അനിവാര്യമാണെന്നും താൻ നേതൃത്വം നൽകുന്ന എല്ലാ വകുപ്പുകളുടെയും പൂർണ്ണ സഹകരണം ഇക്കാര്യത്തിൽ ഉറപ്പ് നൽകുകയാണെന്നും വനം മന്ത്രി പറഞ്ഞു.

വനം വകുപ്പാസ്ഥാനത്ത് നടന്ന ചടങ്ങിൽ ജൈവവൈവിധ്യബോർഡ് ചെയർമാൻ ഡോ. എസ്.സി. ജോഷി അദ്ധ്യക്ഷത വഹിച്ചു. എ.പി.സി.സി.എഫ്. പത്മ മഹന്തി, ക്ഷീരവികസന വകുപ്പു ഡയറക്ടർ എബ്രഹാം റ്റി. ജോസഫ്, മൃഗസംരക്ഷണവകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. സുനിൽകുമാർ എന്നിവർ ആശംസകൾ അർപ്പിച്ചു. മഹാരാഷ്ട്ര ജൈവവൈവിധ്യ ബോർഡ് പരിസ്ഥിതി നിയമസമിതി ചെയർമാൻ അരവിന്ദ് തസാ, ഹൈദ്രാബാദ് സെന്റർ ഫോർ ഇന്നവേഷൻസ് ഇൻ പബ്ലിക് സിസ്റ്റംസ് ഡയറക്ടർ അച്ചാലന്തർ റെഡ്ഡി എന്നിവർ പ്രബന്ധാവതരണങ്ങൾ നടത്തി. തുടർന്ന് സംഘ ചർച്ച, ആശയാവതരണങ്ങൾ എന്നിവയും നടന്നു. ഉദ്ഘാടനച്ചടങ്ങിന് ജൈവവൈവിധ്യബോർഡ് മെമ്പർ സെക്രട്ടറി ഡോ. വി ബാലകൃഷ്ണൻ സ്വാഗതവും സീനിയർ പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. കെ.ജി. അജിത്ത് കുമാർ നന്ദിയും പറഞ്ഞു.

Photo attached

ഡോ. അഞ്ചൽ കൃഷ്ണകുമാർ
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

FIBPR-64